# AMCSFNCK – Admission to B.Sc., PB B.Sc. & M.Sc. Nursing Course 2021-22
## (Instructions on DATA VERIFICATION dated 22th September 2021)

2021-22 വർഷത്തെ ബി.എസ്.സി., പോസ്റ്റ് ബേസിക്ക് ബി.എസ്.സി. & എം.എസ്.സി. നേഴ്സിംഗ് പ്രവേശനത്തിന് ഇതുവരെ ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ സെപ്തംബർ 22–ന് വൈകീട്ട് 03 മണിക്ക് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. അപേക്ഷകർക്ക് എന്തെങ്കിലും തിരുത്തലുകളോ, നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ സെപ്തംബർ 28–ന് വൈകീട്ട് 05 മണിക്കുള്ളിൽ **admission2021@amcsfnck.com** എന്ന ഇ–മെയിൽ അഡ്രസ്സിലേയ്ക്ക് അറിയിക്കേണ്ടതാണ്. ഇ–മെയിലിൽ **Subject**–ന്റെ സ്ഥാനത്ത് അപേക്ഷയുടെ നമ്പറും അപേക്ഷകന്റെ പേരും നിർബന്ധമായും ചേർക്കേണ്ടതാണ്. അപേക്ഷകരുടെ ഇത്തരം നിർദ്ദേശങ്ങൾ, അവർ നേരത്തെ ഓൺലൈനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളും സർട്ടിഫിക്കറ്റുകളുടെ സ്കാൻ ചെയ്ത കോപ്പികളുമായി ഒത്തുനോക്കി മാത്രമെ അവശ്യമെങ്കിൽ തിരുത്തലുകൾ വരുത്തുകയുള്ളൂ.

**B.Sc, M.Sc. & Post Basic B.Sc. Nursing:** പോസ്പെക്ടസിൽ അറിയിച്ചിട്ടുള്ളതുപോലെ പ്രവേശനത്തിനായുള്ള ആദ്യ ഓൺലൈൻ അലോട്ട്മെന്റ് **ഒക്ടോബർ 20**–ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഓൺലൈൻ അലോട്ട്മെന്റിന് വേണ്ടിയുള്ള **College and Course Option ഒക്ടോബർ 06 മുതൽ 12 വരെ** അസോസിയേഷന്റെ വെബ്സൈറ്റായ www.amcsfnck.com വഴി നൽകണം.

അപേക്ഷയോടൊപ്പം റവന്യൂ അധികാരികളിൽ നിന്നുമുള്ള കമ്യൂണിറ്റി സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ലാത്തവർ കമ്യൂണിറ്റി അലോട്ട്മെന്റ് ആവശ്യമെങ്കിൽ, കമ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ സ്കാൻ ചെയ്ത കോപ്പി സെപ്തംബർ 28–നുള്ളിൽ നിങ്ങളുടെ യൂസർ ഐ.ഡി.യും പാസ്‌വേർഡും ഉപയോഗിച്ച് അസോസിയേഷന്റെ വെബ്സൈറ്റ് വഴി upload ചെയ്യുക. കമ്യൂണിറ്റി സർട്ടിഫിക്കറ്റ് സമർപ്പിച്ചില്ലെങ്കിലും, റാങ്ക് ലിസ്റ്റിൽ ഓപ്പൺ മെറിറ്റ് കാറ്റഗറിയൽ ഉൾപ്പെടുത്തുന്നതാണ്.

**List of Completed Online Applications:** ഓൺലൈനിൽ പൂർണ്ണമായും പൂരിപ്പിച്ച് സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ ലിസ്റ്റാണിത്. എന്തെങ്കിലും സംശയങ്ങളുണ്ടെങ്കിൽ **admission2021@amcsfnck.com** എന്ന ഇ–മെയിൽ അഡ്രസ്സിലേയ്ക്ക് സെപ്തംബർ 28–നുള്ളിൽ അറിയിക്കുക. ഇ–മെയിലിൽ **Subject**–ന്റെ സ്ഥാനത്ത് അപേക്ഷയുടെ നമ്പറും അപേക്ഷകന്റെ പേരും നിർബന്ധമായും ചേർക്കേണ്ടതാണ്.

**List of Pending Applications:** അസോസിയേഷൻ ഓഫീസിൽ ലഭിച്ച അപേക്ഷകളിൽ എന്തെങ്കിലും ന്യൂനതകളുള്ളവയാണ് ഈ ലിസ്റ്റിലുള്ളത്. ആവശ്യമായ രേഖകൾ സെപ്തംബർ 28–നുള്ളിൽ നിങ്ങളുടെ യൂസർ ഐ.ഡി.യും പാസ്‌വേർഡും ഉപയോഗിച്ച് അസോസിയേഷന്റെ വെബ്സൈറ്റ് വഴി upload ചെയ്യുക. കമ്യൂണിറ്റി സർട്ടിഫിക്കറ്റ് സമർപ്പിച്ചില്ലെങ്കിലും, റാങ്ക് ലിസ്റ്റിൽ ഓപ്പൺ മെറിറ്റ് കാറ്റഗറിയൽ ഉൾപ്പെടുത്തുന്നതാണ്.

**List of Rejected Applications:** അപേക്ഷകളുടേയും സർട്ടിഫിക്കറ്റ് കോപ്പികളുടേയും പരിശോധനയിൽ അയോഗ്യമായി നിരസിച്ചിട്ടുള്ളതിന്റെ കാരണവും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**Data Verification of Individual Applications:** അപേക്ഷകർക്ക് തങ്ങളുടെ യൂസർ ഐ.ഡി.യും പാസ്‌വേർഡും ഉപയോഗിച്ച് ലോഗ്-ഇൻ ചെയ്ത് അപേക്ഷകൾ കാണാവുന്നതാണ്.

അപേക്ഷകർക്ക് എന്തെങ്കിലും തിരുത്തലുകളോ, നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ സെപ്തംബർ 28-ന് വൈകീട്ട് 5 മണിക്കുള്ളിൽ **admission2021@amcsfnck.com** എന്ന ഇ-മെയിൽ അഡ്രസ്സിലേയ്ക്ക് അറിയിക്കേണ്ടതാണ്. **ഇ-മെയിലിൽ Subject-ന്റെ സ്ഥാനത്ത് അപേക്ഷയുടെ നമ്പറും അപേക്ഷകന്റെ പേരും നിർബന്ധമായും ചേർക്കേണ്ടതാണ്.** അപേക്ഷകരുടെ ഇത്തരം നിർദ്ദേശങ്ങൾ, അവരുടെ നേരത്തെ ഓൺലൈനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളുമായി ഒത്തുനോക്കി മാത്രമേ ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്തുകയുള്ളൂ.

## കോളേജ് ഓപ്ഷൻ രജിസ്ട്രേഷൻ:

**ഓരോ അപേക്ഷകനും പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന കോളെജുകൾ മുൻഗണനാ ക്രമാനുസരണം തിരഞ്ഞെടുക്കാനുള്ള അവസരം അപേക്ഷകരുടെ റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചതിനുശേഷം ഓൺലൈനിൽ തന്നെയാണ് ലഭിക്കുക.**

1. പ്രോസ്പെക്ടസിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന സമയക്രമപ്രകാരം, 2021 ഒക്ടോബർ 06-നും 12-നും ഇടയിലാണ് അപേക്ഷകർ തങ്ങളുടെ ഓപ്ഷനുകൾ ഓൺലൈനായി രേഖപ്പെടുത്തേണ്ടത്. ഇതിനായി വ്യക്തിപരമായ അറിയിപ്പുകളൊന്നും ലഭിക്കുന്നതല്ല. അപേക്ഷകർ ഈ ദിവസങ്ങളിൽ വെബ്സൈറ്റ് സന്ദർശിക്കേണ്ടതും, വെബ്സൈറ്റിലെ നിർദ്ദേശങ്ങൾ അനുസരിച്ച് ഓപ്ഷൻ രേഖപ്പെടുത്തേണ്ടതുമാണ്.

2. ഓരോ അപേക്ഷകനും അവരവരുടെ യൂസർ ഐ.ഡി.യും പുതിയ പാസ്‌വേർഡും ഉപയോഗിച്ച് ലോഗ്-ഇൻ ചെയ്താണ് അവർക്ക് താത്പര്യമുള്ള ഓപ്ഷൻ രേഖപ്പെടുത്തേണ്ടത്.

3. **ഓരോ അപേക്ഷകനും താത്പര്യമുള്ള കോളെജുകളിലേക്കു മാത്രം (ഓരാൾക്ക് പരമാവധി പതിനഞ്ച് കോളേജുകളിലേക്ക് ഓപ്ഷൻ നല്കാനുള്ള അവസരമുണ്ട്) ഓപ്ഷൻ രേഖപ്പെടുത്തേണ്ടതാണ്.** ഒരിക്കൽ ഓൺലൈനായി Submit ചെയ്തു കഴിഞ്ഞാൽ, പിന്നീട് തിരഞ്ഞെടുത്ത കോളേജുകളോ അവയുടെ മുൻഗണനാ ക്രമമോ മാറ്റുവാൻ സാധിക്കുകയില്ല എന്നതിനാൽ ഓപ്ഷൻ രജിസ്ട്രേഷൻ ശ്രദ്ധാപൂർവ്വം നിർവ്വഹിക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക്
www.amcsfnck.com സന്ദർശിക്കുക

AMCSFNCK Mobile App
GET IT ON Google Play